## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2852 18.06.2019 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.തോമസ് : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് ജില്ലാതല സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചതിലൂടെ വകുപ്പിൽ നിലനിന്നിരുന്ന അഴിമതി അവസാനിപ്പിക്കുന്നതിനും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സർക്കാർ ഉത്തരവ് G.O.(MS) No.1/2018/PWD തീയതി 05/01/2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പ് വരുത്തുവാൻ ഇത് മൂലം സാധിക്കുന്നതാണ്. |
| (ബി) കാലാവസ്ഥയ്ക്ക് അനുസൃതമായ പുതിയ സാങ്കേതികവിദ്യകളെപ്പറ്റി പഠിക്കുവാൻ സർക്കാർ തലത്തിൽ ഏതെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;<br>(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) & (സി) ഇല്ല. |
| (ഡി) പാലാരിവട്ടം പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഗുണനിലവാരം ഇല്ലാത്ത വസ്തുക്കൾ ഉപയോഗിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഏങ്കിൽ | (ഡി) പാലാരിവട്ടം മേൽപ്പാലത്തിൽ Madras IIT നടത്തിയ കോൺക്രീറ്റ് core cutting ടെസ്റ്റിൽ 13 ഗർഡറിലെ 39 സാംപിളുകളിൽ 8 എണ്ണവും 4 |

| | |
|---|---|
| ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | പിയറുകളിലെ 12 സാംപിളുകളിൽ 5 എണ്ണവും RC Wall- ലെ 23 സാംപിളുകളിൽ 8 എണ്ണവും മിനിമം (IS 456:2000, Clause 17.4.3 പ്രകാരമുള്ള) Cube Compression strength - ഇല്ലാത്തവയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പാലാരിവട്ടം പാലത്തിനോടനുബന്ധിച്ച സംഭവങ്ങൾക്ക് മുൻപ് തന്നെ പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംഭവത്തിന്റെ പ്രധാന്യം കണക്കിലെടുത്ത് പൊതുമരാമത്ത് പ്രവൃത്തികളിൽ കൂടുതൽ ജാഗ്രത ഉറപ്പാക്കിയിട്ടുണ്ട്. ഈ സംവിധാനങ്ങൾ ഇപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**